**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1163

05.03.2020- ൽ
മറുപടിയ്ക്ക്

**<u>പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം</u>**

ചോദ്യം
ശ്രീ.ബി.ഡി. ദേവസ്സി

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

(എ) തൃശ്ശൂർ ജില്ലയിൽ വിവിധ പുറമ്പോക്കുകളിൽ വർഷങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(എ) തൃശ്ശൂർ ജില്ലയിൽ പുറമ്പോക്കുകളിൽ താമസിച്ചു വരുന്നവർക്ക് 1960-ലെ കേരള ഭൂമി പതിവു നിയമവും ആയത് അടിസ്ഥാനമാക്കിയുള്ള 1964 ലെയും 1995 ലെയും ഭൂമി പതിവ് ചട്ടങ്ങൾക്കും, 1993 ലെ വനഭൂമി പ്രത്യേക നിയമപ്രകാരവും, കേരള ഭൂപരിഷ്കരണ നിയമപ്രകാരവും, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടേയും സർക്കുലറുകളുടേയും അടിസ്ഥാനത്തിലും പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൂടാതെ മറ്റു വകുപ്പുകളുടെ ഭൂമി കൈവശം വച്ച് വരുന്ന അർഹരായ അപേക്ഷകർക്ക് അത്തരത്തിലുള്ള ഭൂമി ടി വകുപ്പുകളുടെ സമ്മതം ലഭ്യമാക്കി പതിച്ചു നൽകുന്നതിനും റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തി കേന്ദ്രാനുമതി ലഭ്യമാക്കി വനഭൂമി പതിച്ച് നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമി കൈവശം വച്ചുവരുന്ന അർഹരായ അപേക്ഷകർക്ക് ആയത് പതിച്ച് നൽകുന്നതിനായി ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കി പട്ടയവിതരണം പൂർത്തിയാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ജില്ലയിലെ അർഹരായ മുഴുവൻപേർക്കും പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ;

ബി) ജില്ലയിലെ അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) പുളിയിലപ്പാറ നിവാസികൾക്ക്

സി) പുളിയിലപ്പാറ പ്രദേശത്തെ വനഭൂമി കയ്യേറ്റക്കാർക്ക് പട്ടയം

പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്നും ഇവർക്ക് എന്നത്തേക്ക് പട്ടയം നൽകുന്നതിന് സാധിക്കുമെന്നും അറിയിക്കാമോ?

അനുവദിക്കുന്നതിനായി തയ്യാറാക്കിയ സംയുക്തപരിശോധന റിപ്പോർട്ട് വിവിധ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് കെ.എസ്.ഇ.ബിയും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും ഒപ്പുവെക്കാതെ തിരിച്ചയച്ചിട്ടുള്ളതാണ്. വനം വകുപ്പിൽ നിന്നും കെ.എസ്.ഇ.ബി പാട്ടത്തിനെടുത്ത ഭൂമിയായതിനാൽ വനം വകുപ്പിനാണ് ഭൂമിയിൽ അവകാശമെന്ന് കെ.എസ്.ഇ.ബി അറിയിച്ചിട്ടുണ്ട്. വനഭൂമിയ്ക്ക് പട്ടയം നൽകണമെങ്കിൽ സംയുക്ത പരിശോധന നടത്തി കേന്ദ്ര സർക്കാരിന്റെ അനുമതി വാങ്ങേണ്ടതുണ്ട്.

വനം, വൈദ്യുതി എന്നീ വകുപ്പുകളുടെ കണക്കുപ്രകാരമുള്ള കയ്യേറ്റക്കാരുടെ എണ്ണവും വിസ്തീർണ്ണവും ഇപ്പോഴത്തെ യഥാർത്ഥ കൈവശക്കാരുടെ എണ്ണവും വിസ്തീർണ്ണവുമായി യോജിക്കാത്തതും, കൈവശവസ്തു പലസ്ഥലത്തായി ചിതറി കിടക്കുകയും അതിനിടയിൽ വനഭൂമി ഉൾപ്പെട്ടുവരുകയും ചെയ്യുന്ന അവസ്ഥയാണ്. വനം വൈദ്യുതി-റവന്യൂ വകുപ്പുകൾ തമ്മിലും, വസ്തുവിലെ യഥാർത്ഥ കൈവശക്കാർ തമ്മിലും ഏകോപനവും യോജിപ്പും ഉണ്ടാക്കി നടപടിക്രമങ്ങൾ പൂർത്തിയാക്കി അർഹരായ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ ഉന്നതതലത്തിലുള്ള ഏകോപനവും തീരുമാനവും ഇക്കാര്യത്തിൽ ആവശ്യമാണ്. അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ